**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **11-10-2024 - ൽ മറുപടിയ്ക്ക്**

**ശീതീകരണ സംഭരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഓരോ നിയോജക മണ്ഡലങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനുവേണ്ടി ശീതീകരണ സംഭരണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | **ഹോർട്ടികോർപ്പ്**<br><br>RIDF, MIDH ഫണ്ട് ഉപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ ചുവടെപ്പറയുന്ന നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ<br><br>(ബി) തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ<br><br>(സി) ഇടുക്കി ജില്ലയിൽ ദേവികുളം നിയോജക മണ്ഡലത്തിൽ<br><br>(ഡി)എറണാകുളം ജില്ലയിൽ തൃക്കാക്കര നിയോജക മണ്ഡലത്തിൽ<br><br>പഴങ്ങളും പച്ചക്കറികളും ശീതീകരിയ്ക്കുന്നതിനായി മൂന്നാറിൽ 50 ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിൽ ഉണ്ട്<br><br>**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**<br><br>ഇടുക്കി ജില്ലയിലെ വണ്ടൻമേട്ടിൽ കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണിനോടനുബന്ധിച്ച് 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിൽ ഉണ്ട്.<br><br>കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സർക്കാരുകൾക്കുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ സഹായ (RIAS) |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ പെരിയ, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പത്തനംതിട്ട ജില്ലയിലെ കോന്നി എന്നിവിടങ്ങളിൽ ശീതീകരണ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കിയിട്ടുണ്ട്.<br><br>**<u>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ)</u>**<br><br>വി.എഫ്.പി.സി.കെ-യുടെ കീഴിൽ 20 മെട്രിക് ടൺ വീതം സംഭരണശേഷിയുള്ള ചുവടെപ്പറയുന്ന ശീതീകരണ സംവിധാനമുള്ള പഴം-പച്ചക്കറി പായ്ക്ക് ഹൗസുകൾ നിലവിൽ ഉണ്ട്.<br><br>(എ) വയനാട് ജില്ലയിലെ ഇടവക പഞ്ചായത്ത്<br><br>(ബി) തൃശ്ശൂർ ജില്ലയിലെ പരിയാരം പഞ്ചായത്ത്<br><br>മേൽപ്പറഞ്ഞവ കൂടാതെ കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ 2000 ക്യുബിക്ക് ഫീറ്റും, വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ 3089 ക്യുബിക്ക് ഫീറ്റും സംഭരണശേഷിയുള്ള ശീതീകരണ സംഭരണ ശാലകൾ നിലവിലുണ്ട്.<br><br>ഇതോടൊപ്പം അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ 6 എണ്ണവും, തിരുവനന്തപുരം ജില്ലയിൽ 5 എണ്ണവും, കോട്ടയം, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 4 എണ്ണം വീതവും, ആലപ്പുഴ, എറണാകുളം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ 3 എണ്ണം വീതവും, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ 2 എണ്ണം വീതവും, കണ്ണൂർ ജില്ലയിൽ ഒരെണ്ണവും ഉൾപ്പടെ 40 ശീതീകരണ സംഭരണ ശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലയിലാണ് ശീതീകരണ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | **<u>ഹോർട്ടികോർപ്പ്</u>**<br><br>RIDF, MIDH ഫണ്ട് ഉപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ ചുവടെപ്പറയുന്ന നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ<br><br>(ബി) തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ |

(സി) ഇടുക്കി ജില്ലയിൽ ദേവികുളം നിയോജക മണ്ഡലത്തിൽ

(ഡി)എറണാകുളം ജില്ലയിൽ തൃക്കാക്കര നിയോജക മണ്ഡലത്തിൽ

പഴങ്ങളും പച്ചക്കറികളും ശീതീകരിയ്ക്കുന്നതിനായി മൂന്നാറിൽ 50 ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിൽ ഉണ്ട്

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

ഇടുക്കി ജില്ലയിലെ വണ്ടൻമേട്ടിൽ കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണിനോടനുബന്ധിച്ച് 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിൽ ഉണ്ട്.

കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സർക്കാരുകൾക്കുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ സഹായ (RIAS) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ പെരിയ, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പത്തനംതിട്ട ജില്ലയിലെ കോന്നി എന്നിവിടങ്ങളിൽ ശീതീകരണ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കിയിട്ടുണ്ട്.

**വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ)**

വി.എഫ്.പി.സി.കെ-യുടെ കീഴിൽ 20 മെട്രിക് ടൺ വീതം സംഭരണശേഷിയുള്ള ചുവടെപ്പറയുന്ന ശീതീകരണ സംവിധാനമുള്ള പഴം-പച്ചക്കറി പായ്ക്ക് ഹൗസുകൾ നിലവിൽ ഉണ്ട്.

(എ) വയനാട് ജില്ലയിലെ ഇടവക പഞ്ചായത്ത്

(ബി) തൃശ്ശൂർ ജില്ലയിലെ പരിയാരം പഞ്ചായത്ത്

മേൽപ്പറഞ്ഞവ കൂടാതെ കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ 2000 ക്യൂബിക്ക് ഫീറ്റും, വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ 3089 ക്യൂബിക്ക് ഫീറ്റും സംഭരണശേഷിയുള്ള ശീതീകരണ സംഭരണ ശാലകൾ നിലവിലുണ്ട്.

ഇതോടൊപ്പം അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ 6 എണ്ണവും, തിരുവനന്തപുരം ജില്ലയിൽ 5 എണ്ണവും, കോട്ടയം,

| | | | |
|---|---|---|---|
| | | | മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 4 എണ്ണം വീതവും, ആലപ്പുഴ, എറണാകുളം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ 3 എണ്ണം വീതവും, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ 2 എണ്ണം വീതവും, കണ്ണൂർ ജില്ലയിൽ ഒരെണ്ണവും ഉൾപ്പടെ 40 ശീതീകരണ സംഭരണ ശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ